## സ്റ്റോഴ്സ് പർച്ചേസ് വകുപ്പ് വാങ്ങിയ സാധനങ്ങൾ

707 [1031] ശ്രീ. റ്റി. എം. ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977–78 സാമ്പത്തിക വർഷത്തിൽ സ്റ്റോഴ്സ് പർച്ചേസ വകുപ്പ് എത്ര രൂപയുടെ സാധനങ്ങൾ വാങ്ങി;

(ബി) ഇതിൽ കേരളത്തിലെ ചെറുകിട വ്യവസായികളിൽനിന്നും എന്തു തുകയ്ക്കുള്ള സാധനങ്ങൾ വാങ്ങി;

(സി) അയൽ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങിയ സാധനങ്ങൾ എന്തെല്ലാമാണ്; എത്ര തുകയ്ക്കു വാങ്ങി?

### ഉത്തരം

(എ) സ്റ്റോഴ്സ് പർച്ചേസ് വകുപ്പ് നേരിട്ട് സാധനങ്ങൾ വാങ്ങാറില്ല. ഓരോ വകുപ്പിനും ആവശ്യമുള്ള സാധനങ്ങൾ അതതു വകുപ്പ് മേധാവി തന്നെ സ്റ്റോഴ്സ് പർച്ചേസ് മാനുവലിലെ വ്യവസ്ഥകളനുസരിച്ച് വാങ്ങുകയാണ് ചെയ്യുന്നത്.

(ബി, സി) ഉദിക്കുന്നില്ല.

## ഫൈനാൻഷ്യൽ എൻറർപ്രൈസസിന്റെ ചിട്ടികൾ

708 [1033] ശ്രീ. കെ. പി. നൂറുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ ഫൈനാൻഷ്യൽ എന്റർപ്രൈസസിന് എത്ര രൂപാ ലാഭം കിട്ടി;

(ബി) ഒട്ടാകെ എത്ര ചിട്ടികൾ നടത്തി; ഇപ്പോൾ എത്ര ചിട്ടികൾ നടത്തുന്നുണ്ട്;

(സി) ചിട്ടി കുടിശ്ശിക ഇനത്തിൽ ഇതുവരേയ്ക്കും എത്ര തുക പിരിഞ്ഞു കിട്ടുവാൻ ഉണ്ട്; ഓരോ കൊല്ലവും എത്ര വീതം ;

(ഡി) ഈ കുടിശ്ശിക പിരിച്ചെടുക്കുവാൻ എന്തു നടപടി സ്വീകരിച്ചു; എന്തു തുക പിരിച്ചെടുത്തു?

### ഉത്തരം

(എ) 1977–78 സാമ്പത്തിക വർഷത്തിൽ കേരളാ സ്റ്റേററ് ഫൈനാൻഷ്യൽ എൻറർ പ്രൈസസ് 24,28,124 രൂപാ ലാഭം ഉണ്ടാക്കി. 1978-79-ലെ കമ്പനിക്കണക്കുകൾ തയ്യാറാക്കുന്നതേയുള്ളു.

(ബി) ഈ കമ്പനി ഇതുവരെ ആകെ 890 ചിട്ടികൾ രജിസ്ററർ ചെയ്തിട്ടുണ്ട്. അതിൽ 545 എണ്ണം വട്ടമറുതിയായി. ഇപ്പോൾ 345 എണ്ണം നടന്നു കൊണ്ടിരിക്കുന്നു.

(സി) ചിട്ടി കുടിശ്ശിക ഇനത്തിൽ 1-3-79-വരെ, 1,40,00,022.98 (ഒരു കോടി നാൽപ്പതു ലക്ഷത്തി ഇരുപത്തി രണ്ടു രൂപാ 98 പൈസാ) പിരിഞ്ഞു കിട്ടുവാനുണ്ട്. വർഷം തിരിച്ചുള്ള കണക്ക് തയ്യാറാക്കിയിട്ടില്ല.



LIBRARY ARCHIVES Kerala Legislative Assembly